# YENEPOYA UNIVERSITY

**UNIVERSITY ROAD, DERALAKATTE, MANGALORE-575018**

## യേനെപോയ ഇൻസ്റ്റിറ്റ്യൂട്ട്

**നിങ്ങളുടെ സർവകലാശാല നാക് (NAAC) അക്രെഡിറ്റഡ് ആണോ?**

അതെ. യേനെപോയ സർവകലാശാല നാക് എ ഗ്രേഡ് അക്രെഡിറ്റഡ് ആണ്.

**നാക് എ ഗ്രേഡ് അക്രെഡിറ്റഡ് സ്ഥാപനത്തിൽ പഠിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം?**

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതും അംഗീകാരം നൽകുന്നതുമായ സ്ഥാപനമാണ് നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ(നാക്). ഇന്ത്യാ ഗവണ്മെന്റിന്റെ യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷന്റെ ധനസഹായത്തോടെയുള്ള ഒരു സ്വയംഭരണ സ്ഥാപനമാണിത്.

വിവിധ കമ്പനികൾ കാംപസ് റിക്രൂട്ട്മെന്റ് നടത്തുമ്പോൾ നാക് എ ഗ്രേഡ് അക്രെഡിറ്റേഷനുള്ള സ്ഥാപനങ്ങൾക്കാണ് ആദ്യ പരിഗണന നൽകുന്നത്. ഇത് വിദ്യാർത്ഥികൾക്ക് വ്യത്യസ്ത കമ്പനികളിൽ നിരവധി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കാനിടയാക്കുന്നു. രാജ്യാന്തര സർവകലാശാലകളും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമ്പോൾ നാക് ഗ്രേഡിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്.

**നിങ്ങളുടെ കോളജിൽ ആഡ്-ഓൺ (Add-on) പ്രോഗ്രാം വല്ലതുമുണ്ടോ?**

ഉണ്ട്. ഡിഗ്രക്കൊപ്പം ഒന്നോ രണ്ടോ കോഴ്സുകൾ ആഡ്-ഓൺ ആയി പഠിക്കാനുള്ള അതുല്യ അവസരം യേനെപോയ കോളജിലുണ്ട്.

**ആഡ്-ഓൺ പ്രോഗ്രാം ഡിപ്ലോമയാണോ, ഡിഗ്രിയാണോ?**

അത് ഡിഗ്രി പ്രോഗ്രാമാണ്. ഉദാഹരണത്തിന് ബിബിഎയുടെ ഒപ്പമുള്ള ഏവിയേഷൻ ലോജിസ്റ്റിക്സ് കോഴ്സ് കമ്പൈയിൻഡ് സർട്ടിഫൈഡ് പ്രോഗ്രാമാണ്.

### ഡിഗ്രിക്കൊപ്പമുള്ള ആഡ്-ഓൺ പ്രോഗ്രാമുകളുടെ മെച്ചമെന്താണ്?

വിവിധ മേഖലകളിലെ തൊഴിൽ സാധ്യതയ്ക്ക് അതു വഴി തുറക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും അതിന് സർട്ടിഫിക്കറ്റും ലഭിക്കുന്നു. അതുകൊണ്ട് വിദ്യാർത്ഥികൾ ഡിഗ്രിക്കൊപ്പം അധിക കോഴ്സുകൂടി തെരഞ്ഞെടുക്കുകയും രണ്ടും ഒരുമിച്ചു പൂർത്തീകരിക്കുകയും ചെയ്യുന്നതു വഴി തൊഴിൽ നേടാൻ അവർ മുൻഗണന നേടുകയും ചെയ്യുന്നു.

### മൾട്ടി നാഷണൽ കമ്പനികളുമായി ചേർന്നാണോ നിങ്ങളുടെ കോഴ്സുകൾ നടപ്പാക്കുന്നത്?

അതെ. ഐബിഎം, മൈക്രോസോഫ്റ്റ്, റെഡ്ഹാറ്റ്, കേംബ്രിഡ്ജ് ബിസിനസ് ഇംഗ്ലീഷ്, സേഫ് എക്സ്പ്രസ് തുടങ്ങിയവയാണ് യേനെപോയയുമായി സഹകരിക്കുന്ന മൾട്ടിനാഷണൽ കമ്പനികൾ. ഇതിൽ കേംബ്രിഡ്ജ് ബിസിനസ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികൾക്ക് നല്ല പരിജ്ഞാനം നേടിക്കൊടുക്കുന്നു.

### മേൽപറഞ്ഞ കമ്പനികൾ കാമ്പസിൽ ക്ലാസ് എടുക്കുന്നുണ്ടോ?

ഉണ്ട്. ഐബിഎം, മൈക്രോസോഫ്റ്റ്, റെഡ്ഹാറ്റ്, കേംബ്രിഡ്ജ് ബിസിനസ് ഇംഗ്ലീഷ്, സേഫ് എക്സ്പ്രസ് എ്ന്നീ മൾട്ടി നാഷണൽ കമ്പനികൾ യേനെപോയയിൽ ക്ലാസ് എടുക്കുന്നുണ്ട്.

### *ഡിഗ്രി സർട്ടിഫിക്കറ്റുകളോടൊപ്പം കേംബ്രിഡ്ജ് ബിസിനസ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് ഉള്ളതിന്റെ നേട്ടം എന്താണ്?

ബിസിനസ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ വിദ്യാർഥികൾക്കു ജോലി ലക്ഷ്യം വെച്ചുള്ള ഇംഗ്ലീഷ് ഭാഷാ ശേഷികൾ പ്രദാനം ചെയ്യുന്നു. ബിസിനസ് സർട്ടിഫിക്കേഷൻ വിദേശ ബിസിനസ് പഠനങ്ങൾക്കും എംഎൻസികളിലെ ജോലികൾക്കും പ്രയോജനകരമാണ്.

കേംബ്രിഡ്ജാണ് ബിസിനസ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ പരീക്ഷ നടത്തുന്നത്. ഈ പരീക്ഷകൾ ഇന്ത്യയിലെയും വിദേശത്തെയും സർവകലാശാലകൾ, ബിസിനസ് സ്കൂളുകൾ, മൾട്ടി നാഷണൽ കോർപ്പറേഷനുകൾ എന്നിവയെല്ലാം അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് യേനെപോയ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിൽ ഐആർഎസ് ഗ്രൂപ്പിനൊപ്പം സൗജന്യ ബിഇസി പരിശീലനവും നൽകുന്നത്.

### ഡിഗ്രി പ്രോഗ്രാമിന്റെ ക്രെഡിറ്റ് സ്കോർ എന്താണ്?*

മറ്റ് സർവകലാശാലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഓരോ കോഴ്സിന്റെയും മൊത്തം ക്രെഡിറ്റ് 20 ശതമാനം മുതൽ കൂടുതലാണ്. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം അടിസ്ഥാനമാക്കിയാണ് ഓരോ കോഴ്സും രൂപപ്പെടുത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷന്റെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റംവഴി വിദ്യാർത്ഥികൾക്ക് പ്രാധാന്യമനുസരിച്ച് നിർദ്ദിഷ്ട കോഴ്സുകൾ തെരഞ്ഞെടുക്കാം.

ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റത്തിന്റെ നേട്ടങ്ങൾ- വിദ്യാർത്ഥികൾക്ക് തങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും അതിനനുസരിച്ചുള്ള പ്രോജക്ടുകളും അസൈൻമെന്റുകളും തെരഞ്ഞെടുക്കാനും കഴിയുന്നു. ഇത് വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് ആഡ്-ഓൺ കോഴ്സുകൾ തെരഞ്ഞെടുക്കാനും കൂടുതൽ ക്രെഡിറ്റ്സ് നേടാനും കഴിയുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള ഇന്റർ കോളജ് / യൂണിവേഴ്സിറ്റി മൈഗ്രേഷൻ എളുപ്പമാക്കുന്നു.

### നിങ്ങളുടെ ലാബും സ്കിൽ ട്രെയിനിംഗ് സെന്ററുകളും എൻഎബിഎൽ, എഎച്ച്എ സർട്ടിഫൈഡ് ആണോ?*

അതെ. ഞങ്ങളുടെ ലാബ് എൻഎബിഎൽ, എഎച്ച്എ സർട്ടിഫൈഡ് ആണ്.

### എങ്ങനെയാണ് ക്ലാസ്സുകൾ നടത്തുന്നത്?*

ഡിജിറ്റലൈസ്ഡ് ലേണിംഗും ടീച്ചിംഗും ഇവിടെ പ്രോത്സാഹിപ്പിക്കുന്നു. യേനെപോയ(ഡീംഡ് ടു ബി യൂണിവേഴ്സിറ്റി)യിൽ യെൻഗേജ് എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉണ്ട്. അവിടെ ഓരോ വിദ്യാർത്ഥിക്കും ഓരോ മെന്റർ ഉണ്ടാകും. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസ്സുകളിലൂടെ കോവിഡ്-19 പകർച്ചവ്യാധി ഭീഷണിയെ പ്രതിരോധിക്കാനാകുന്ന അദ്ധ്യാപനം സാധ്യമാക്കുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശനം ലഭിക്കുന്ന വിദ്യാർഥിക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിദ്യാഭ്യാസമാണ് യേനപോയ സർവകലാശാലക്കു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നത്. നാക് (നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ-NAAC) A ഗ്രേഡും അക്കാദമിക് തലത്തിൽ മറ്റ് ഒട്ടേറെ അംഗീകാരങ്ങളും യേനെപോയ സർവകലാശാലയെ തേടിയെത്തിയിട്ടുണ്ട്. കർണാടകത്തിലെ മൂന്നാമത്തെ മികച്ച

സർവകലാശാലയായി സംസ്ഥാന ഉന്നത  വിദ്യാഭ്യാസവകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. NABL, NABH എന്നീ കൗൺ്സിലുകളുടെ അംഗീകാരത്തോടപ്പം  മലേഷ്യ, മാലിദ്വീപ് എന്നീ രാജ്യങ്ങളുടെ അംഗീകാരവും ഇവിടുത്തെ കോഴ്സുകൾക്കുണ്ട്.

പഠനത്തോടൊപ്പം പാഠ്യേതര  പ്രവർത്തനങ്ങളിലും യേനെപോയ  മികവ് പുലർത്തുന്നു. ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബാൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, സ്ക്വാഷ് തുടങ്ങിയ കായിക ഇനങ്ങളിൽ പരിശീലനം നടത്താൻ രാജ്യാന്തര നിലവാരമുള്ള ഇൻഡോർ  സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ, സോക്കർ ഗ്രൗണ്ട് എന്നീ സൗകര്യങ്ങൾ ക്യാമ്പസിൽ ഉണ്ട്.

ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സ്റ്റിമുലേഷൻ ലാബ് എന്ന ബഹുമതി യേനെപോയ സർവകലാശാലയ്ക്ക്  ഉണ്ട്. രാജ്യാന്തര  വിദ്യാഭ്യാസ നിലവാരം ഉറപ്പു വരുത്തുന്ന സയൻസ് ലാബ്,  വൈഫൈ ക്യാമ്പസ്, ഐസിടി പഠനമുറികൾ, ഓഡിയോ വിഷ്വൽ കോൺഫറൻസ് ഹാൾ  തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്.

ഉന്നത  നിലവാരത്തിലുള്ള മികച്ച തൊഴിൽദാതാക്കളുടെ  സഹായസഹകരണം യൂണിവേഴ്സിറ്റിക്കുണ്ട് . വിജയകരമായി പഠനം  പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പസ് പ്ലേസ്മെന്റ്  സംവിധാനത്തിലൂടെ  ജോലി ഉറപ്പുവരുത്തുന്നു. ആഗോള നിലവാരങ്ങൾക്ക് അനുസൃതമായ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള മികച്ച സിലബസ് ആണ് കോഴ്സുകൾക്ക് ഇവിടെ ഒരുക്കിയിരിക്കുന്നത്. സാധാരണ ബാച്ചിലർ ബിരുദം സ്വന്തമാക്കുക എന്നതിലുപരി തൊഴിൽസാധ്യത ഉറപ്പുനൽകുന്ന ഏവിയേഷൻ, ട്രാവൽ ആൻഡ് ടൂറിസം, ലോജിസ്റ്റിക്സ്, ക്ളൗഡ്  കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, എസിസിഎ, CMA എന്നീ അതി നൂതന സ്പെഷ്യലൈസേഷൻ  പ്രോഗ്രാമുകളിലും ഡിഗ്രി നേടാനുള്ള പാഠ്യ പദ്ധതിയാണ് ഇവിടെ  ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ത്യയിലെയും വിദേശത്തെയും പാഠ്യ പദ്ധതികളെ സാമന്വയിപ്പിച്ചുള്ള സമഗ്രമായ പാഠ്യ പദ്ധതി രൂപപ്പെടുത്തിയത് വഴി  ഇന്ത്യയിലും വിദേശത്തും വിദ്യാത്ഥികൾക്ക്  നിരവധി തൊഴിലവസരങ്ങൾ ലഭ്യമാകുന്നു.

## 0% പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ

വിദ്യാധനം സർവ്വധനാൽ പ്രധാനം. ലോകത്താകമാനം സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ സമയത്ത് ഉപരിപഠനത്തിനുള്ള ചിലവ്  രക്ഷാകർത്താവിനു ഒരു ബാധ്യത ആയി മാറുന്ന സ്ഥിതിയാണ്. വിദ്യാഭ്യാസം കൊണ്ട് മാത്രമേ സമൂഹത്തിനു ഉന്നമനവും, വ്യക്തി വികസനവും ഉണ്ടാവുകയുള്ളൂ.

കോവിഡ് മഹാമാരിയെ നേരിട്ട് വിദ്യാർത്ഥികളെ ഭാവിയിലേക്ക് നയിക്കുന്നതിന് ഇന്ത്യയിൽ ആദ്യമായി യേനെപോയ സർവകലാശാല പലിശ രഹിത വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നു. വിദ്യാഭ്യാസ വായ്പ സർവകലാശാലയിൽ നിന്ന് ഒരുക്കും. 72 മണിക്കൂറിനുള്ളിൽ വായ്പ അനുവദിക്കുകയും ചെയ്യും.

## വായ്പാ യോഗ്യത

വായ്പ  ലഭിക്കുന്നതിന് രക്ഷാകർത്താവിന്റെ / ജാമ്യക്കാരന്റെ, 6 മാസത്തെ ബാങ്ക് ഇടപാട് / ഒരു വർഷത്തെ ഐടി റിട്ടേൺ /  മൂന്ന് മാസത്തെ ശമ്പള സ്റ്റേറ്റ്മെന്റ്  മാത്രം മതിയാകും. മാർക്ക് നിബന്ധനകൾ ഇല്ല.

**വരും തലമുറയെ വാർത്തെടുക്കാനും, ലോകത്തിനു ഭീഷണിയായ കോവിഡ് എന്ന മഹാമാരിയെ നേരിടാനും യേനെപോയ സർവകലാശാലക്കൊപ്പം നമുക്കൊത്തൊരുമിക്കാം.**